## ജോർദാൻ, എത്യോപ്യ, ഒമാൻ സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രി നടത്തിയ പ്രസ്താവന

ഡിസംബർ 15, 2025

ഇന്ന്, ഞാൻ ഹാഷിമൈറ്റ് കിംഗ്ഡം ഓഫ് ജോർദാൻ, ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് എത്യോപ്യ, ഒമാൻ സുൽത്താനേറ്റ് എന്നിവിടങ്ങളിലേക്കുള്ള ഒരു ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കം കുറിക്കുകയാണ്. ഇന്ത്യയുമായി പുരാതനമായ നാഗരിക ബന്ധങ്ങളും വിപുലമായ സമകാലിക ഉഭയകക്ഷി ബന്ധങ്ങളും പങ്കിടുന്ന മൂന്ന് രാജ്യങ്ങളാണിവ.

2. ആദ്യം, ആദരണീയനായ അബ്ദുള്ള രണ്ടാമൻ ഇബ്നു അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരം ഞാൻ ജോർദാൻ സന്ദർശിക്കും. ഈ ചരിത്രപരമായ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 75 വാർഷികം അടയാളപ്പെടുത്തുന്നു. എന്റെ സന്ദർശന വേളയിൽ, ആദരണീയനായ അബ്ദുള്ള രണ്ടാമൻ ഇബ്നു അൽ ഹുസൈൻ രാജാവ്, ജോർദാൻ പ്രധാനമന്ത്രി ശ്രീ ജാഫർ ഹസ്സൻ എന്നിവരുമായി ഞാൻ വിശദമായ ചർച്ചകൾ നടത്തും, കൂടാതെ കിരീടാവകാശി അൽ ഹുസൈൻ ബിൻ അബ്ദുള്ള രണ്ടാമനുമായുള്ള കൂടിക്കാഴ്ചയും ഞാൻ ആഗ്രഹിക്കുന്നു. അമ്മാനിൽ, ഇന്ത്യ-ജോർദാൻ ബന്ധങ്ങൾക്ക് ഗണ്യമായ സംഭാവനകൾ നൽകിയ ഊർജ്ജസ്വലരായ ഇന്ത്യൻ സമൂഹത്തെയും ഞാൻ കാണും.

3. എത്യോപ്യയുടെ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലിയുടെ ക്ഷണപ്രകാരം അമ്മാനിൽ നിന്ന് ഞാൻ ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് എത്യോപ്യയിലേക്ക് പോകും, എത്യോപ്യയിലേക്കുള്ള എന്റെ ആദ്യ സന്ദർശനമാണ് ഇത്. അഡിസ് അബാബ ആഫ്രിക്കൻ യൂണിയന്റെ ആസ്ഥാനം കൂടിയാണ്. 2023 ൽ, ഇന്ത്യയുടെ G20 പ്രസിഡൻസി കാലയളവിൽ, ആഫ്രിക്കൻ യൂണിയനെ G20 യിലെ സ്ഥിര അംഗമായി അംഗീകരിച്ചിരുന്നു. അഡിസ് അബാബയിൽ, ഡോ. അബി അഹമ്മദ് അലിയുമായി ഞാൻ വിശദമായ ചർച്ചകൾ നടത്തും, അവിടെ താമസിക്കുന്ന ഇന്ത്യൻ പ്രവാസികളെ കാണാനുള്ള അവസരവും എനിക്ക് ലഭിക്കും. പാർലമെന്റിന്റെ സംയുക്ത സെഷനെ അഭിസംബോധന ചെയ്യാനാകുമെന്നതിൽ എനിക്ക് അഭിമാനമുണ്ട്,

അവിടെ "ജനാധിപത്യത്തിന്റെ മാതാവ് "എന്ന നിലയിലുള്ള ഇന്ത്യയുടെ യാത്രയെക്കുറിച്ചും ഇന്ത്യ-എത്യോപ്യ പങ്കാളിത്തം ഗ്ലോബൽ സൗത്ത് മേഖലയ്ക്ക് സംഭാവന ചെയ്യുന്ന മൂല്യത്തെക്കുറിച്ചും എന്റെ ചിന്തകൾ പങ്കിടാൻ ഞാൻ ആകാക്ഷയോടെ കാത്തിരിക്കുന്നു.

4. എന്റെ യാത്രയുടെ അവസാന പാദത്തിൽ, ഞാൻ ഒമാൻ സന്ദർശിക്കും. ഇന്ത്യയും ഒമാനും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 70-ാം വാർഷികത്തിലാണ് എന്റെ സന്ദർശനം. മസ്കറ്റിൽ, ഒമാൻ സുൽത്താനുമായുള്ള ചർച്ചകൾ ഞാൻ പ്രതീക്ഷിക്കുന്നു, നമ്മുടെ തന്ത്രപരമായ പങ്കാളിത്തവും ശക്തമായ വാണിജ്യ, സാമ്പത്തിക ബന്ധവും ശക്തിപ്പെടുത്തുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തിന്റെ വികസനത്തിനും നമ്മുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വളരെയധികം സംഭാവന നൽകിയ ഒമാനിലെ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും ഞാൻ അഭിസംബോധന ചെയ്യും.

ന്യൂഡൽഹി

ഡിസംബർ 15, 2025